**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 353 — 31.01.2014-ലെ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളുടെ വാർഷിക ഓഡിറ്റിംഗ് സംബന്ധിച്ച വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ<br>,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>,, കെ.ദാസൻ<br>,, കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) 97-ാം ഭരണഘടനാ ഭേദഗതിയെത്തുടർന്ന് സഹകരണ സംഘങ്ങളുടെ വാർഷിക ഓഡിറ്റിംഗും സംഘം ജനറൽ ബോഡി അംഗീകരിക്കലും സംബന്ധിച്ച് നിലവിൽ വന്ന വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കപ്പെടുന്നുണ്ടോ; | (എ) ഒരു സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനുള്ളിൽ സംഘം പൊതുയോഗം കൂടണമെന്നും, സംഘത്തിന്റെ കണക്കുകൾ ആഡിറ്റ് ചെയ്തിരിക്കണമെന്നും, വാർഷിക റിട്ടേണുകൾ ഫയൽ ചെയ്തിരിക്കണമെന്നും, കൂടാതെ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ച് നൽകുന്ന പാനലിൽ നിന്നും ആഡിറ്റർമാരെ പൊതുയോഗം നിയമിക്കണമെന്നുമുള്ള വ്യവസ്ഥകൾ 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിന് അനുസൃതമായുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാർഷിക ആഡിറ്റിംഗും, സംഘം ജനറൽ ബോഡി അംഗീകരിക്കലും സംബന്ധിച്ച് നിലവിൽ വന്ന വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. ടി വ്യവസ്ഥകളിൽ |

| | | | |
|---|---|---|---|
| | | | നിന്നും 1.10.2013 മുതൽ 31.12.2013 വരെ ഇളവ് നൽകി കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ 2012-13 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി ആറ് മാസത്തിനിടയിൽ ജനറൽ ബോഡി യോഗം ചേർന്ന് ആഡിറ്റ് റിപ്പോർട്ട് പാസ്സാക്കിയിട്ടില്ലാത്തവയുള്ളതായി സർക്കാരിന് അറിയുമോ; | (ബി) | അപ്രകാരം ഉള്ളതായി അറിവുണ്ട്. |
| (സി) | എത്ര ശതമാനം സംഘങ്ങൾക്ക് ഇനിയും ഇത് സംബന്ധിച്ച നിയമ വ്യവസ്ഥ പാലിക്കാൻ കഴിഞ്ഞിട്ടില്ലെന്നറിയുമോ; നിയമ ഭേദഗതിയെ തുടർന്ന് ആഡിറ്റ് യഥാസമയം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തായിരുന്നു; വിശദമാക്കുമോ; | (സി) | സ്കൂൾ സംഘങ്ങളിൽ ഏകദേശം 88 ശതമാനവും, മറ്റ് സംഘങ്ങളിൽ ഏകദേശം 70 ശതമാനവും സംഘങ്ങൾക്ക് ടി നിയമ വ്യവസ്ഥ പാലിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് കുടിശ്ശിക നിവാരണത്തിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും, സഹകരണ ആഡിറ്റ് ഡയറക്ടർ ഇതിലേയ്ക്കായി ഒരു തീവ്രയത്ന കർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുകയുമുണ്ടായി. വകുപ്പിലെ ആഡിറ്റർമാർക്കു പുറമെ ഇൻസ്പെക്ടർമാരുടെയും റിട്ടയർ ചെയ്ത ആഡിറ്റർമാരുടെയും സേവനം ലഭ്യമാക്കുകയും, കോടതി വ്യവഹാരങ്ങൾ, വിജിലൻസ് അന്വേഷണങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ആഡിറ്റ് |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കാൻ കഴിയാതെ വന്ന 337 സംഘങ്ങളുടെ 1105 ആഡിറ്റുകൾ ഒഴികെ മറ്റു സംഘങ്ങളുടെ എല്ലാ ആഡിറ്റുകളും പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭരണഘടനാ ഭേദഗതി ഏതെങ്കിലും ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ